"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രീ / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും "വിദ്യാർത്ഥി : കുക്ക് " അനുപാതം 20:1 ആയി അനുവദിക്കുന്നു - ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11/11/2025 ലെ MA No.1465/2025 in OA No.829/2020 ലെ ഉത്തരവ് പാലിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്.

സ.ഉ.(സാധാ) നം.275/2026/SCSTD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.415/2025/പജപവവിവ, തിയതി26.06.2025.
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 15.09.2025 തീയതിയിലെ ഇ4/12592/22 നമ്പർ കത്ത്.
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11.11.2025 ലെ MA 1465/2025 in OA-829/2020 ഉത്തരവ്.
4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 10.02.2026 തീയതിയിലെ ഇ4/12592/22 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിൽ കുക്ക്, ആയ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ജോലി സമയം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിലെ കുക്ക് തസ്തികയിലെ ജീവനക്കാരുടെ ജോലി സമയം 2 ഷിഫ്റ്റിലായി, ആദ്യ ഷിഫ്റ്റ് രാവിലെ 5.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയും രണ്ടാമത്തെ ഷിഫ്റ്റ് ഉച്ചയ്ക്ക് 1.30 മുതൽ രാത്രി 9.30 വരെയും ക്രമീകരിച്ചിരുന്നു.

പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ "വിദ്യാർത്ഥി : കുക്ക് " അനുപാതം **30:1** എന്ന് നിലനിർത്തിയാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിലെ **കുക്കുമാരുടെ** ജോലിസമയം ക്രമീകരിച്ച് ഉത്തരവായതെന്നും, നിലവിലെ അനുപാതത്തിൽ (30:1) കുക്ക് തസ്തികയിൽ ജീവനക്കാരുടെ ജോലി ഷിഫ്റ്റ് സിസ്റ്റത്തിലേക്ക് മാറ്റിയപ്പോൾ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം തന്നെ മുടങ്ങുന്ന അവസ്ഥയിലാണെന്നും, പ്രസ്തുത സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള **പ്രീ/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ** മിനിമം 3 കുക്കുമാരുടെ എണ്ണം ഉറപ്പുവരുത്തി **"വിദ്യാർത്ഥി : കുക്ക്" അനുപാതം 20:1** ആയും, **മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ**

**"വിദ്യാർത്ഥി : കുക്ക്"** അനുപാതം **20:1** ആയും കുക്കുമാരെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും, വകുപ്പിലെ സ്ഥിരം കുക്ക് തസ്തികയിലുള്ള ജീവനക്കാർക്ക് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ അധികമായി നിയമിക്കേണ്ട കുക്കുമാരെ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ദിവസ വേതനടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും, ഇപ്രകാരം പരാമർശം 1 ലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്നും പരാമർശം 2 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്ഡയറക്ടർ , പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ച കത്തിന്മേൽ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള **മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രീ / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും വിദ്യാർത്ഥി : കുക്ക് അനുപാതം 20:1 ആയി അനുവദിച്ച്** ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പ്രകാരം ഉള്ള ഭേദഗതിയോടെ പരാമർശം 1 - ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ,ആഡിറ്റ്), കേരള. തിരുവനന്തപുരം.
3. ധനകാര്യവകുപ്പ് (E-3160784/WW-WW3/103/2025-FIN dt 21/02/2026).
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rani K C
Date: 28-02-2026 14:50:28
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി എസിന്